## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശഭരണ വകുപ്പ് – കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994 – അധികാര വികേന്ദ്രീകരണം – ആരോഗ്യ വകുപ്പിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതലായി കൈമാറുന്ന അധികാര/അവകാശങ്ങൾ–ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറുന്നവ സംബന്ധിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശഭരണ (പി) വകുപ്പ്

ജി.ഒ. (പി) 184/99/തഭവ. തിരുവനന്തപുരം, 1999 സെപ്റ്റംബർ 27

---

പരാമർശം: –1. 18–9–1995–ലെ സ.ഉ. (പി) 189/95/തഭവ. നമ്പർ സർക്കാർ ഉത്തരവ്.

2. 23–12–1995–ലെ ജി.ഒ. (പി) 566/95/ആകുവ. നമ്പർ സർക്കാർ ഉത്തരവ്

3. 1999–ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ട്.

4. 2–7–1999–ലെ സ.ഉ. (അ) 272/99/ആകുവ. നമ്പർ സർക്കാർ ഉത്തരവ്

### ഉത്തരവ്

1994–ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് നിലവിൽ വന്നതോടെ സർക്കാരിൽ നിക്ഷിപ്തമായിരുന്നപല അധികാരങ്ങളും, സ്ഥാപനങ്ങളും പദ്ധതികളും ചുമതലകളും സംസ്ഥാനത്തെ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തുകൊണ്ട് പരാമർശം ഒന്നു പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും തുടർന്ന് പരാമർശം 2 പ്രകാരം ആരോഗ്യ വകുപ്പിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്ന അധികാര/അവകാശങ്ങൾ സംബന്ധിച്ച പൊതുവായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ആരോഗ്യ വകുപ്പിലെ സ്ഥാപനങ്ങളുടെ ഭരണ ചുമതല ജില്ലാ പഞ്ചായത്തുകൾക്ക് നൽകിയിരുന്നില്ല. എന്നാൽ 1999–ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് പ്രകാരം ആരോഗ്യ വകുപ്പിൻ കീഴിൽ സംസ്ഥാനത്തുള്ള ജില്ലാ ആശുപത്രികളുടെ ഭരണ ചുമതല സംസ്ഥാനത്തെ അതതു ജില്ലാ പഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. ഈ നിയമ ഭേദഗതിയെ തുടർന്ന് പരാമർശം 4–ലെ അനുബന്ധത്തിൽ പ്രതിപാദിക്കുന്ന സ്ഥാപനങ്ങളുടെ നടത്തിപ്പും നിയന്ത്രണവും രണ്ടാം പരാമർശത്തിൽ നിഷ്കർഷിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി അതതു ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2. മേൽ സാഹചര്യത്തിൽ സംസ്ഥാന ആരോഗ്യ/ആയുർവേദ/ഹോമിയോ വകുപ്പുകളുടെ കീഴിലുള്ളതും അനുബന്ധത്തിൽ പ്രതിപാദിക്കുന്നതുമായ സ്ഥാപനങ്ങളുടെ നടത്തിപ്പും നിയന്ത്രണവും പരാമർശം രണ്ടിലെ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി അതതു ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മേൽപ്പറഞ്ഞ പ്രകാരം കൈമാറ്റം ചെയ്യപ്പെടുന്ന സ്ഥാപനങ്ങളുടെ വിവരം അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. സ്ഥാപനങ്ങളോടൊപ്പം അവയുടെ ആസ്തിബാധ്യതകളും വസ്തുവകകളും അവയിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥമാരുടെ തസ്തികളും ഉദ്യോഗസ്ഥൻമാരെയും അതതു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്ക് കൈമാറ്റം ചെയ്യേണ്ടതാണ്.

4. ഓരോ സ്ഥാപനവും ഏത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് കൈമാറ്റുന്നു എന്ന് വ്യക്തമാക്കിക്കൊണ്ടും കൈമാറ്റം ചെയ്യപ്പെടുന്ന തസ്തികകൾ ഏത് സർക്കാർ ആഫീസിൽ നിന്ന് കൈമാറുന്നു എന്ന് കാണിച്ചുകൊണ്ടും അതത് വകുപ്പിന്റെ അധ്യക്ഷൻമാർ 1999 ഒക്ടോബർ 31–ാം തീയതിക്കു മുൻപ് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. അപ്രകാരം പുറപ്പെടുവിക്കുന്ന

ഉത്തരവുകളുടെ പകർപ്പുകൾ സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട ഭരണ നിർവഹണ വകുപ്പിലേക്കും ധന/ആസൂത്രണ സാമ്പത്തിക കാര്യ/തദ്ദേശഭരണ വകുപ്പുകളിലേക്കും കൂടി അയയ്ക്കേണ്ടതാണ്.

5. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെടുന്ന തസ്തികകളിൽ അതതു സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർ തന്നെ മറിച്ചൊരുത്തരവ് ഉണ്ടാകുന്നതുവരെ തുടരേണ്ടതാണ്.

6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏൽപ്പിച്ചുകൊടുത്തിട്ടുള്ള സർക്കാരിന്റെ അധികാരങ്ങളും ചുമതലകളും പദ്ധതികളും ഫലപ്രദമായി നിർവഹിക്കുന്നതിന് ബന്ധപ്പെട്ട സർക്കാർ വകുപ്പ് അവയ്ക്ക് ആഫീസ് സൗകര്യം ഉൾപ്പെടെയുള്ള ഭരണപരമായ എല്ലാ സൗകര്യങ്ങളും സാങ്കേതിക ഉപദേശങ്ങളും നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എസ്.എം.വിജയാനന്ദ്,

സെക്രട്ടറി.

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ഐ.എസ്.എം.തിരുവനന്തപുരം
ഡയറക്ടർ, ഹോമിയോപ്പതി, തിരുവനന്തപുരം
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും/പ്രസിഡന്റുമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും
സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ്, തിരുവനന്തപുരം
എല്ലാ റീജിയണൽ പെർഫോമൻസ് ഓഡിറ്റ് ഓഫീസർമാർക്കും
ഡയറക്ടർ, പബ്ലിക്ക് റിലേഷൻസ് (പ്രസ് റിലീസ്)
തദ്ദേശഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
സംസ്ഥാന ധനകാര്യ കമ്മീഷൻ, യൂണിവേഴ്സിറ്റി ആഫീസ് കോംപ്ലക്സ്, തിരുവനന്തപുരം
എല്ലാ ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും
സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും. ധനവകുപ്പ്.
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
പൊതുഭരണ (എസ്.എസി) വകുപ്പ്.
ആരോഗ്യവകുപ്പ.
തദ്ദേശഭരണ വകുപ്പു മന്ത്രിയുടെ പി.എസ് സിന്, ആരോഗ്യവകുപ്പ് മന്ത്രിയുടെ പി.എസ് സിന്.
തദ്ദേശഭരണ വകുപ്പു സെക്രട്ടറിയുടെ സി.എ.
ആരോഗ്യവകുപ്പ് സെക്രട്ടറിയുടെ സി.എ.
തദ്ദേശഭരണ വകുപ്പു അഡീഷണൽ സെക്രട്ടറിയുടെ സി.എ.
തദ്ദേശഭരണ (ഡി.പി/പി.എ) വകുപ്പുകൾക്ക.

അനുബന്ധം

## ജില്ലാ പഞ്ചായത്തിന് ഭരണ ചുമതല കൈമാറുന്ന സ്ഥാപനങ്ങൾ

ആരോഗ്യവകുപ്പ്

1. എ.എ. റഹിം ആശുപത്രി, കൊല്ലം, കൊല്ലം ജില്ല.
2. ജില്ലാ ആശുപത്രി, ആലപ്പുഴ, ആലപ്പുഴ ജില്ല.
3. ജില്ലാ ആശുപത്രി, കോഴഞ്ചേരി, പത്തനംതിട്ട ജില്ല.
4. ജില്ലാ ആശുപത്രി, കോട്ടയം, കോട്ടയം ജില്ല.
5. ജില്ലാ ആശുപത്രി, പൈനാവ്, ഇടുക്കി ജില്ല.
6. ജില്ലാ ആശുപത്രി, തൃശൂർ, തൃശൂർ ജില്ല.
7. ജില്ലാ ആശുപത്രി, പാലക്കാട്, പാലക്കാട് ജില്ല.
8. ജില്ലാ ആശുപത്രി, മഞ്ചേരി, മലപ്പുറം ജില്ല.
9. ജില്ലാ ആശുപത്രി, മാനന്തവാടി, വയനാട് ജില്ല.
10. ജില്ലാ ആശുപത്രി, കണ്ണൂർ, കണ്ണൂർ ജില്ല.
11. ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്, കാസർഗോഡ് ജില്ല.

ആയുർവേദ വകുപ്പ്

1. ജില്ലാ ആയുർവേദ ആശുപത്രി, വർക്കല, തിരുവനന്തപുരം ജില്ല.
2. ജില്ലാ ആയുർവേദ ആശുപത്രി, ആശ്രാമം, കൊല്ലം ജില്ല.
3. ജില്ലാ ആയുർവേദ ആശുപത്രി, അയിരൂർ, പത്തനംതിട്ട ജില്ല.
4. ജില്ലാ ആയുർവേദ ആശുപത്രി, തൊടുപുഴ, ഇടുക്കി ജില്ല.
5. ജില്ലാ ആയുർവേദ ആശുപത്രി, കോട്ടയം, കോട്ടയം ജില്ല.
6. ജില്ലാ ആയുർവേദ ആശുപത്രി, ആലപ്പുഴ, ആലപ്പുഴ ജില്ല.
7. ജില്ലാ ആയുർവേദ ആശുപത്രി, എറണാകുളം, എറണാകുളം ജില്ല.
8. ആർ.പി.ഡി.എ. ആശുപത്രി, തൃശൂർ, തൃശൂർ ജില്ല.
9. ജില്ലാ ആയുർവേദ ആശുപത്രി, പാലക്കാട്, പാലക്കാട് ജില്ല.
10. ജില്ലാ ആയുർവേദ ആശുപത്രി, കോട്ടക്കൽ, മലപ്പുറം ജില്ല.
11. ജില്ലാ ആയുർവേദ ആശുപത്രി, കോഴിക്കോട്, കോഴിക്കോട് ജില്ല.
12. ജില്ലാ ആയുർവേദ ആശുപത്രി, കണ്ണൂർ, കണ്ണൂർ ജില്ല
13. ജില്ലാ ആയുർവേദ ആശുപത്രി, കല്പറ്റ, വയനാട് ജില്ല.
14. ജില്ലാ ആയുർവേദ ആശുപത്രി, പട്ടണക്കാട്, കാഞ്ഞങ്ങാട്, കാസർഗോഡ് ജില്ല.

ഹോമിയോപ്പതി വകുപ്പ്

1. പട്ടം തിരുനാൾ മെമ്മോറിയൽ ഗവ: ഹോമിയോ ആശുപത്രി, തിരുവനന്തപുരം.
2. ജില്ലാ ഗവൺമെന്റ് ഹോമിയോ ആശുപത്രി, പോളയത്തോട്, കൊല്ലം ജില്ല.
3. ജില്ലാ ഗവൺമെന്റ് ഹോമിയോ ആശുപത്രി, അവലൂക്കുന്ന് പി.ഒ., ആലപ്പുഴ ജില്ല.
4. ജില്ലാ ഹോമിയോ ആശുപത്രി, കുറിച്ചി, കോട്ടയം ജില്ല.
5. ജില്ലാ ഹോമിയോ ആശുപത്രി, പുഷ്പകണ്ടം, ഇടുക്കി ജില്ല.
6. ജില്ലാ ഹോമിയോ ആശുപത്രി, പുല്ലേപ്പാടി, എറണാകുളം ജില്ല.
7. ജില്ലാ ഹോമിയോ ആശുപത്രി, ചങ്ങഴിക്കുളങ്ങര, തൃശൂർ ജില്ല.
8. ജില്ലാ ഹോമിയോ ആശുപത്രി, ചാത്തുപുരം, പാലക്കാട് ജില്ല.
9. ജില്ലാ ഹോമിയോ ആശുപത്രി, ഡൗൺഹിൽ പി.ഒ., മലപ്പുറം ജില്ല.
10. ജില്ലാ ഹോമിയോ ആശുപത്രി, മാനന്തവാടി, വയനാട് ജില്ല.
11. ജില്ലാ ഹോമിയോ ആശുപത്രി, സൗത്ത് ബസാർ, കണ്ണൂർ ജില്ല.
12. ജില്ലാ ഹോമിയോ ആശുപത്രി, ഏലത്തൂർ, കോഴിക്കോട് ജില്ല.
13. ജില്ലാ ഹോമിയോ ആശുപത്രി, കാഞ്ഞങ്ങാട്, കാസർഗോഡ് ജില്ല.
14. ജില്ലാ ഹോമിയോ ആശുപത്രി, തിരുവല്ല, കൊട്ടനാട്, ആലപ്പുഴ ജില്ല.